LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

ഇന്ദിരാ ആവാസ് യോജന

22 (1396) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ഗാന്ധി ആവാസ് യോജന പ്രകാരം (ഐ.എ.വൈ) അനുവദിച്ച വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പരമാവധി തറ വിസ്തീർണ്ണത്തിലധികം വിസ്തീർണ്ണമുള്ള വീടുകളുടെ എഗ്രിമെന്റ് വച്ചവർക്ക് ചില നിബന്ധനങ്ങൾക്ക് വിധേയമായി ഏതെങ്കിലും വർഷം അനുവദിച്ച തുക മുഴുവനായും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേ നിബന്ധനകൾ പാലിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ചവർക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 20 m2-25 m2 ആണ്. എന്നാൽ സംസ്ഥാന സർക്കാർ യൂണിറ്റ് കോസ്റ്റ് പൊതുവിഭാഗങ്ങൾക്ക് 2 ലക്ഷമായും പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷമായും വർദ്ധിപ്പിച്ചതിനാൽ വീടുകളുടെ തറ വിസ്തീർണ്ണം 60 m2 ആയി ഉയർത്തുകയുണ്ടായി. പിന്നാലെ ഗുണഭോക്താക്കളുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തറ വിസ്തീർണ്ണം 66 m2 ആയി ഉയർത്തുകയുണ്ടായി. ഇത്തരത്തിൽ തറ വിസ്തീർണ്ണം വർദ്ധിപ്പിച്ചപ്പോൾ വേണ്ടത്ര അറിവില്ലായ്മമൂലം പല ഗുണഭോക്താക്കളും 66 m2-ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുകയും അവയ്ക്ക് സർക്കാരിന്റെ സാധുകരണം തേടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2014-15 വരെ 82.5 m2 വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 66 m2 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരമാവധി വിസ്തീർണ്ണത്തിൽ അധികരിച്ച് വീട് നിർമ്മിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം വരെ അനുവദിക്കപ്പെട്ടിട്ടുള്ള പരമാവധി തറ വിസ്തീർണ്ണം 82.5 m2 ആണ്. 82.5 m2 അധികരിച്ച് വീട് നിർമ്മാണം നടത്തിയിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും നൽകുന്നതിന് നിർവ്വാഹമില്ല.

ഇടുക്കി നിയോജകമണ്ഡലത്തിലെ 'എച്ച്.എ.ഡി.പി' പ്രവർത്തനങ്ങൾ

23 (1397) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 'എച്ച്.എ.ഡി.പി' വഴി ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വിസകന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെക്ക് ഡാം നിർമ്മാണം, കുടിവെള്ള പദ്ധതി, കുളം നവീകരണം, പ്രകൃതി വിഭവപരിപാലന പദ്ധതി, മലയോര റോഡുകളുടെ പുനരുദ്ധാരണം, നബാർഡ് ആർ.ഐ.ഡി.എഫ്. റോഡുകൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി പദ്ധതി, പഴം, പച്ചക്കറി വികസന പദ്ധതി എന്നീ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ഇടുക്കി നിയോജക മണ്ഡലത്തിൽ ഓരോ പദ്ധതിക്കുമായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം 1 * ആയി ചേർക്കുന്നു.

(സി) 2015-16 സാമ്പത്തിക വർഷം വരെ ഓരോ പദ്ധതികളിലുംപെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളും ആയതിനുവേണ്ടി വകയിരുത്തിയിരുന്ന തുകയും അനുബന്ധം 2 ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly